## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 748 — 15.07.2014-ൽ മറുപടിയ്ക്ക്

### മരം മുറിയ്ക്കൽ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലായാൽ സ്വന്തം പുരയിടത്തിൽ നിന്നുപോലും മരംമുറിക്കാൻ കഴിയില്ലെന്നു കർഷകരെ തെറ്റിദ്ധരിപ്പിച്ച് തടി മാഫിയ ഹൈറേഞ്ച് പ്രദേശങ്ങൾ വെട്ടിവെളുപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ലക്ഷങ്ങൾ വരുന്ന മരങ്ങൾ നിസ്സാരവിലയ്ക്ക് തട്ടിയെടുക്കുകയാണ് തടി മാഫിയയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) വനമേഖലയോട് ചേർന്ന പ്രദേശങ്ങളിലെ വ്യാപകമായ മരംമുറിക്കൽ തടയുന്നതിനായി വനംവകുപ്പ് അധികൃതർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ? | (സി) വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ നിലവിലുള്ള വന നിയമങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയാൻ നിരന്തരമായി പരിശോധന നടത്തുകയും അപ്രകാരം കണ്ടെത്തുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കേസെടുത്ത് നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ